പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6974

11/07/2014-ൽ
മറുപടിയ്ക്ക്

## വോക്ക് വിത്ത് എ സ്കോളർ പദ്ധതി

**ചോദ്യം**

ശ്രീ.കെ.ശിവദാസൻ നായർ :
ശ്രീ.എം.പി.വിൻസെന്റ് :
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.അൻവർ സാദത്ത് :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വോക്ക് വിത്ത് എ സ്കോളർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | കേരളത്തിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദതല വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ഓരോ കോളേജിലും തെരഞ്ഞെടുത്ത 30 കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം നേരിട്ട് ലഭിയ്ക്കുക. കോളേജിൽ ആദ്യവർഷ ബിരുദ കോഴ്സിൽ ചേരുന്ന ഒരു വിദ്യാർത്ഥിയുടെ ജീവിതലക്ഷ്യം കണ്ടെത്തി അതിലേക്ക് എത്തിപ്പെടാൻ വിദ്യാർത്ഥിയ്ക്കുവേണ്ട പ്രചോദനവും പരിശീലനവും നൽകുക എന്നതാണ് പരിപാടിയുടെ മുഖ്യലക്ഷ്യം. മൂന്ന് വർഷവും വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിയ്ക്കുന്നത്. ഓരോ വിദ്യാർത്ഥിയേയും കോളേജിലെ ഒരു ആന്തരിക ഉപദേഷ്ടാവിന്റെ (ഇന്റേണൽ മെന്റർ) കീഴിലാക്കുന്നു. ഈ ഉപദേഷ്ടാവ് കോളേജിലെ ഒരു അദ്ധ്യാപകനോ അദ്ധ്യാപികയോ ആയിരിക്കും. വിദ്യാർത്ഥിയ്ക്കൊപ്പം സഞ്ചരിച്ച് വിദ്യാർത്ഥിയ്ക്കു വേണ്ട പിൻതുണ നൽകുക എന്നതാണ് ആന്തരിക ഉപദേഷ്ടാവിന്റെ മുഖ്യകർത്തവ്യം. അതോടൊപ്പം തന്നെ അനുയോജ്യമായ ബാഹ്യ ഉപദേഷ്ടാക്കളുടെ (എക്സ്റ്റേർണൽ മെന്റേഴ്സ്) മാർഗ്ഗ നിർദ്ദേശ പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. ഇതുവഴി വിദ്യാർത്ഥിക്ക് തന്റെ ലക്ഷ്യത്തിനനുസരിച്ച് മുന്നോട്ട് പോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം മേഖലകളിലെ വിദ്യാർത്ഥികളെ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 2013-14-ൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ കോഴ്സുകളിൽ പഠിയ്ക്കുന്ന 30 പേർക്കാണ് (ഒരു കോളേജിൽ) ബാധകമാക്കിയിരിയ്ക്കുന്നത്. ആർട്സ്, സയൻസ്, കോമേഴ്സ് കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് ഇതിന്റെ പ്രയോജനം ലഭിയ്ക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | വിദഗ്ധരുടെ ഉപദേശങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (സി) | സ്ഥാപനത്തിനു പുറത്തുള്ള വിദഗ്ദ്ധരുടെ ഉപദേശം ലഭിയ്ക്കുന്നതിനായി നിശ്ചിത മണിക്കൂറുകൾ ഉപദേഷ്ടാവിന് നൽകുന്നുണ്ട്. അവരെ നേരിട്ട് കാണാനും സംവദിയ്ക്കുവാനും അവരുടെ നേട്ടങ്ങളിൽ നിന്നും പ്രചോദനം നേടി മുന്നേറാനും ബാഹ്യ ഉപദേഷ്ടാവിന്റെ സാന്നിദ്ധ്യം സഹായിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | എന്ന് മുതലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | | ഈ പദ്ധതി 2013-14 വർഷം മുതൽ നടപ്പാക്കുന്നുണ്ട്. അന്ന് ആദ്യവർഷത്തിൽ പഠിച്ച തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ ഇപ്പോൾ, പദ്ധതിയുടെ രണ്ടാം വർഷത്തിലാണ്. 2014-15 -ൽ പുതിയ ഒരു ബാച്ചിനുകൂടി (30 കുട്ടികൾക്ക്) ഇതിന്റെ പ്രയോജനം സർക്കാർ കോളേജുകളിൽ ലഭിക്കുന്നുണ്ട്. 2014-15 വർഷത്തിൽ 150 എയ്ഡഡ് കോളേജുകളിൽ കൂടി ഈ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ